**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1781** **19-01-2021 - ൽ മറുപടിയ്ക്ക്**

**എം.ജി. സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ് | | Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ബി-ടെക് കോഴ്സിൽ ഒരു വിഷയത്തിൽ മാത്രം തോറ്റ വിദ്യാർത്ഥികൾക്ക് അഞ്ച് മാർക്ക് മോഡറേഷൻ നൽകി വിജയിപ്പിക്കുവാൻ എം.ജി. സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നോയെന്ന് വെളിപ്പെടുത്തുമോ; | (എ) | ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമെസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോട് കൂടിയ മാർക്കിന് പുറമേ പരമാവധി 5 മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് 30.04.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചിരുന്നു. |
| (ബി) | പ്രസ്തുത തീരുമാനം 2019 ഒക്ടോബർ 26-ന് സർവ്വകലാശാല റദ്ദ് ചെയ്തിരുന്നോ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത തീരുമാനം 24.10.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തി ന്റെ തീരുമാനപ്രകാരം 26.10.2019 ൽ റദ്ദ ചെയ്ത് ഉത്തരവ് ഇറക്കിയിരുന്നു. സർവകലാശാലയുടെ യശസ്സി നെയും കൈവരിച്ച നേട്ടങ്ങളെയും കളങ്കപ്പെടുത്തുന്ന വിധത്തിൽ സമൂഹത്തിൽ തെറ്റിദ്ധാരണാജനക മായ വിവരങ്ങൾ പ്രചരിക്കാൻ ഇടയായ സാഹചര്യത്തിലാണ് ഈ തീരുമാനം എടുത്തത് . |
| (സി) | ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദാക്കിയിരുന്നോ; എങ്കിൽ എത്ര പേരുടെയെന്ന് വെളിപ്പെടുത്താമോ; | (സി) | അധിക മോഡറേഷനിലൂടെ ബി ടെക് ഡിഗ്രി നേടിയ 116 വിദ്യാർത്ഥികളുടെ പരീക്ഷ വിജയിച്ചതായ പരീക്ഷാഫലം റദ്ദ ചെയ്ത് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ള കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡുകൾ, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ റദ്ദ ചെയ്ത് വിജ്ഞാപനം ഇറക്കിയിരുന്നു. |
| (ഡി) | സർട്ടിഫിക്കറ്റുകൾ റദ്ദാക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും നിയമങ്ങളും പാലിച്ചാണോ സർവ്വകലാശാല അത് നടപ്പിലാക്കിയത്; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ; | (ഡി) | 17.05.2019 ലെ ഉത്തരവിനെ അടിസ്ഥാനമാക്കി നൽകിയ ഡിഗ്രികൾ 24.10.2019 തീയതിയിൽ സിൻഡിക്കേറ്റ് തീരുമാനത്തെ തുടർന്ന് 1997 ലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട്, |

| | | | |
|---|---|---|---|
| | | | അദ്ധ്യായം 35 ൽ പ്രതിപാദിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പാലിക്കാതെ തന്നെ റദ്ദു ചെയ്യാമെന്ന സ്റ്റാന്റിംഗ് കൗൺസലി ന്റെ നിയമോപദേശത്തെ തുടർന്നാണ് നടപ്പിലാക്കിയതെന്ന് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| (ഇ) | സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് അനുസരിച്ച് ഏതൊക്കെ സാഹചര്യത്തിലാണ് സർവ്വകലാശാല നൽകിയ സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുവാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ) | അസാന്മാർഗിക പ്രവർത്തികളിലേർ പ്പെട്ടതിൽ കുറ്റം തെളിഞ്ഞിട്ടുള്ള വരുടെ ഡിഗ്രിയോ ഡിപ്ലോമയോ സർട്ടിഫിക്കറ്റോ റദ്ദാക്കുന്ന സാഹ ചര്യത്തിലുള്ള നടപടിക്രമങ്ങൾ മഹാത്മാഗാന്ധി സർവകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ടിൽ അധ്യായം 35 ൽ പ്രസ്താവിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് നൽകിയ മോഡറേഷനിലൂടെ വിജയിച്ച വിദ്യാർത്ഥികളുടെ മോഡറേഷൻ റദ്ദാക്കിയത് ഇതിന്റെ പരിധിയിൽ വരില്ല. മറ്റു സന്ദർഭങ്ങളിൽ ഡിഗ്രി റദ്ദാക്കുന്ന തിന് സ്റ്റാറ്റ്യൂട്ടിൽ നടപടിക്രമങ്ങൾ ഒന്നും തന്നെ പറയുന്നില്ല. |
| (എഫ്) | സർവ്വകലാശാലയുടെ ഒക്ടോബർ 26-ലെ നടപടി കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് ഈ നടപടി സ്വീകരിച്ചതെന്ന് അറിയിക്കാമോ? | (എഫ്) | WP(C) No. 32960/2019, WP(C) No. 35551/2019 എന്നീ കേസുകളുടെ വിധിന്യായത്തിലൂടെ ഒക്ടോബർ 26 ലെ നടപടി കോടതി റദ്ദ് ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ